പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1345 03.12.2018-ൽ മറുപടിക്ക്

# ലാബ് അസിസ്റ്റന്റുമാർക്ക് അധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| ഹയർ സെക്കണ്ടറി ലാബ് അസിസ്റ്റന്റുമാർക്ക് അധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച തീരുമാനം നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം നൽകുന്നതിന് 01.01.2016 മുതലുള്ള ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും പ്രസ്തുത ഒഴിവുകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യണമെന്ന് പി.എസ്.സി അറിയിച്ചിട്ടുണ്ട്. ആയതിനാൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.